**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1684** **08-12-2022 - ൽ മറുപടിയ്ക്ക്**

**കളിക്കളം വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്തിലെ കളിക്കളം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ടനുവദിച്ചിട്ടുള്ളത്; പകർപ്പ് ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് ഗവ.മോഡൽ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരമുള്ള എം. എൽ. എ/എ.ഡി.എഫ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിന്റെ തുടർ നിർമ്മാണ പ്രവൃത്തിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ നിലവിലെ സ്ഥിതിയും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ഫണ്ട് നൽകേണ്ടത് എപ്പോഴാണെന്നും വിശദമാക്കാമോ ? | (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനാണ്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം എം.എൽ.എ-യിൽ നിന്നോ ബന്ധപ്പെട്ട ജില്ലാകളക്ടറിൽ നിന്നോ ഫണ്ട് വകയിരുത്തുന്നത് സംബന്ധിച്ച് അറിയിപ്പ് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ